بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 13.03.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*13.03.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**വഫാത്തെ മസീഹിന്റെ വിഷയം ഏതെങ്കിലും സിദ്ധാന്തപരമായ വിഷയമല്ലെന്ന കാര്യം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. പ്രത്യുത തൗഹീദിന്റെ സ്ഥാപനത്തിന് അങ്ങേയറ്റം നിർബന്ധമാണ്. ഈ വിശ്വാസം ഇസ്‌ലാമിന് കനത്ത നഷ്ടമാണ് ഉണ്ടാക്കിവെച്ചിട്ടുള്ളത്. അത് അവതരിപ്പിക്കാത്തിടത്തോളം സുഖമായിട്ടുറങ്ങാൻ നമുക്ക് സാധിക്കുകയില്ല. ആരുടെയെങ്കിലും മനസ്സിൽ അല്ലാഹുവിനോടുള്ള സ്നേഹവും ഇസ്‌ലാമിനെ പ്രചരിപ്പിക്കണമെന്നുള്ള തിളപ്പുമുണ്ടെന്ന് തോന്നുന്നുവെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിലുണ്ടായിരുന്ന തീയുടെ, പൊരി മാത്രമാണതെന്ന് അവന് മനസ്സിലാക്കാൻ കഴിയും.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു. ഇപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുള്ള ചില കാര്യങ്ങൾ ഞാൻ പറയുന്നതാണ്. ഇതിന്റെ ബന്ധം നേരിട്ടോ ആരെങ്കിലും മുഖേനയോ ഹദ്റത്ത് മസീഹ് മൗഊദു(അ)മായിട്ടാണ്. ഇവയിൽനിന്ന് ഒരുപാട് പാഠങ്ങൾ ഉൾക്കൊള്ളുന്ന കാര്യങ്ങൾ നമ്മുടെ മുമ്പിൽ വരുന്നുണ്ട്. ഇതുമുഖേന ഇന്നും നമ്മുടെ വഴികൾ നിർണയപ്പെടുത്തുന്നതിലേക്ക് മാർഗദർശനം ലഭിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇസ്‌ലാമിക പ്രബോധനം നടത്തുന്നതിലുണ്ടായ ആവേശവും വേദനയും സംബന്ധിച്ചാണ് ഒന്നാമതായി പറയുന്നത്. അതിന്റെ സ്വാധീനം തന്റെ ജമാഅത്തിലും ആ മഹാത്മാവ് കാണാൻ ആഗ്രഹിച്ചിരുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ചിന്താഗതികളെ സ്മരിച്ചുകൊണ്ട് പറയുന്നു:"ഹദ്റത്ത് മസീഹ് മൗഊദി(അ)ന് ജമാഅത്തിന്റെ പ്രബോധനം നടത്താൻ വിസ്മയകരമായ ചിന്താഗതിയാണുണ്ടായിരുന്നത്. ഈ സന്ദേശം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തണമെന്ന ചിന്തയായിരുന്നു അദ്ദേഹത്തിന് രാവും പകലും. ഒരു തവണ ആ മഹാത്മാവ് പദ്ധതി ആസൂത്രണം ചെയ്തു: 'അതായത് നമ്മുടെ ജമാഅത്തിലുള്ളവരുടെ വസ്ത്രംതന്നെ ഒരുപോലെയുള്ളതാകണമെന്ന്. ഓരോ അഹ്മദിയും, അഹ്മദിയാണെന്ന് വസ്ത്രത്തിലൂടെ തിരിച്ചറിഞ്ഞ് സ്വയം തബ്‌ലീഗായിത്തീരണം.' വെറും തിരിച്ചറിയുന്നതിൽ കാര്യമൊന്നുമില്ല. തീർച്ചയായും ആ മഹാത്മാവ് ആഗ്രഹിച്ചിട്ടുള്ളത് എല്ലാവരേയും ഒരേ വസ്ത്രത്തിൽ കണ്ടിട്ടും പിന്നീട് കർമപരവും വിശ്വാസപരവുമായ അവസ്ഥകൾ നോക്കിയും അന്യർക്ക് ജമാഅത്തിലേക്ക് ശ്രദ്ധയുണ്ടാകുമെന്നാണ്. അതിനോടൊപ്പം താൻ അഹ്മദിയാണെന്നുള്ള നിലയിൽ തിരിച്ചറിയപ്പെടുമെന്നും അതുകൊണ്ട് തന്റെ കർമപരവും വിശ്വാസപരവുമായ അവസ്ഥ ശരിയാക്കിവെക്കണമെന്നുള്ള ബോധവും ഓരോരുത്തർക്കും സ്വയം ഉണ്ടാകുന്നതാണ്. ഇന്നും ഈ ബോധം നമ്മളിൽ ഉണ്ടാകേണ്ട ആവശ്യമുണ്ട്. അതായത് വസ്ത്രം ഒരു കാര്യമല്ല. പക്ഷേ, കുറഞ്ഞപക്ഷം നമ്മുടെ അവസ്ഥകൾ ഓരോരുത്തരും കണ്ടിട്ട് 'ഇത് അഹ്മദിയാണ്, മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരാണ്' എന്ന് തിരിച്ചറിയുന്ന തരത്തിലാവണം നമ്മൾ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "മുബല്ലിഗിന്റെ രൂപം മുഅ്മിനാന അതായത് സത്യവിശ്വാസത്തെ പ്രകടിപ്പിക്കുന്ന തരത്തിലുള്ളതായിരിക്കണമെന്നത് തബ്‌ലീഗിന് അത്യാവശ്യമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് തങ്ങളുടെ ബാഹ്യമായ രൂപം ഇസ്‌ലാമികമായ ചിഹ്നങ്ങൾക്ക് അനുസരിച്ചുള്ളതായിരിക്കണമെന്ന് ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായോടു പറയുകയാണ്. അവർ തങ്ങളുടെ താടികളിലും മുടികളിലും വസ്ത്രങ്ങളിലും നിഷ്കപടത സ്വായത്തമാക്കേണ്ടതാണ്. ഇസ്‌ലാം നിങ്ങളെ സംശുദ്ധവും വൃത്തിയുള്ളതുമായ വസ്ത്രം ധരിക്കുന്നതിൽനിന്ന് ഒരിക്കലും തടയുന്നില്ല. അത് സംശുദ്ധമായിരിക്കണം, മേന്മയുള്ളതായിരിക്കണം. ഇതിൽനിന്ന് ആരേയും തടയുന്നില്ല. എന്നല്ല നിങ്ങൾ ബാഹ്യമായ വൃത്തി ശ്രദ്ധിക്കണമെന്നും വൃത്തികേടിന്റെ അടുത്തുപോലും പോകരുതെന്നും ഇസ്‌ലാം സ്വയം കല്പിക്കുന്നു. എന്നാൽ, വസ്ത്രങ്ങളിൽ കൃത്രിമം കാണിക്കുന്നത് നിഷിദ്ധമാണ്. അതുകൊണ്ട് വാഖ്ഫീനെ സിന്ദഗിക്ക്-ദൈവമാർഗത്തിൽ അർപണം ചെയ്തിട്ടുള്ളവർക്ക് ഇതിൽ ഉപദേശമുണ്ട്. പ്രത്യേകിച്ച് മുബല്ലിഗുമാർക്ക്, പൊതുവെ ജമാഅത്തിലെ അംഗങ്ങൾക്കും. യഥാർഥലക്ഷ്യം പിന്നിലായിപ്പോകുംവിധം ബാഹ്യമായ അലങ്കാരചമയങ്ങളിലേക്ക് ശ്രദ്ധ പാടില്ല.

ചിലയാളുകളുണ്ട്. അവർ വൃത്തിയെക്കുറിച്ച് ചിന്തിക്കുകയേയില്ല. വൃത്തി വിശ്വാസത്തിന്റെ ഭാഗമാണെന്ന് അവരും ഓർക്കേണ്ടതാണ്. അതുകൊണ്ട് സകല കാര്യങ്ങളിലും മധ്യമനിലയാണ് വേണ്ടത്. അതിലേക്കും ഇതിലേക്കും ചായ്‌വുണ്ടാകരുത്.

തബ്‌ലീഗിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം പറയുന്നുണ്ട്. അദ്ദേഹം ഡൽഹിയിൽ പോയിരുന്നു. പറയുന്നു: "എനിക്കോർമയുണ്ട്. ഞാൻ ഇവിടെ വന്നു. എന്റെ ബന്ധുക്കളുടെ വീട്ടിലാണ് താമസിച്ചത്. ഹൈദരാബാദിലെ ബന്ധത്തിലുള്ള ഒരു സഹോദരനും ഞങ്ങളുടെ ബന്ധത്തിലുള്ള ഹദ്റത്ത് അമ്മാജാൻ താമസിക്കാറുണ്ടായിരുന്ന നാനി(മാതാമഹി)യുടെ അടുക്കൽ അവരെ കാണാൻ വന്നിരുന്നു. അദ്ദേഹം എന്നോടു പറയാൻ തുടങ്ങി: 'നിങ്ങളുടെ അബ്ബാ എന്തെല്ലാം കോലാഹലങ്ങളാണ് ഉണ്ടാക്കി വച്ചിട്ടുള്ളത്. ഇസ്‌ലാമിന്നെതിൽ പരതരത്തിലുള്ള കാര്യങ്ങളും പറയുന്നുവെന്ന് ആളുകൾ പറയുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അപ്പോൾ എനിക്ക് വളരെ ചെറിയ പ്രായമായിരുന്നു. പക്ഷേ, പരിഭ്രമിക്കുന്നതിനു പകരം വഫാത്തെ മസീഹ് വിഷയം എനിക്ക് നല്ലവണ്ണം ഓർമയുണ്ടായിരുന്നതുകൊണ്ട് ഞാൻ അതു സംബന്ധമായി സംസാരിക്കാൻ തുടങ്ങി. അതുസംബന്ധമായ എല്ലാ വിഷയങ്ങളും നല്ലവണ്ണം തുറന്നു സംസാരിച്ചു. അപ്പോൾ അയാൾ അത്ഭുതത്തോടെ ചോദിച്ചു, 'യഥാർഥത്തിൽ ഈസാ(അ)മരിച്ചുപോയെന്ന് ഇതിൽ നിന്ന് തെളിയുന്നുണ്ടല്ലോ? പക്ഷേ, ഈ മൗലവിമാർ എന്തിനാണ് കോലാഹലം ഉണ്ടാക്കുന്നത്?' അദ്ദേഹത്തോടു ഞാൻ പറഞ്ഞു, 'താങ്കൾ ഇക്കാര്യം ആ മൗലവിമാരോട് പോയി ചോദിക്കുക.

പക്ഷേ, നാനിയുടെ പ്രതികരണം എന്തായിരുന്നുവെന്നോ? പറയുന്നു: 'ഞങ്ങളുടെ നാനി തൗബ, തൗബ എന്നു പറഞ്ഞുകൊണ്ട് ബഹളംവെച്ചു. അവർ പറഞ്ഞു, 'ഈ കുട്ടിയുടെ മനസ്സ് ആദ്യമേതന്നെ ഇക്കാര്യങ്ങൾ കേട്ട് കേട്ട് മോശമായിക്കിടക്കുന്നതാണ്. നീ സാക്ഷ്യപ്പെടുത്തി അവനെ കുഫ്റിൽ നല്ലവണ്ണം ഉറപ്പിക്കുകയും ചെയ്തു.'

പിന്നീട് തബ്ലീഗിനെക്കുറിച്ചുതന്നെ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഒരു സ്വഹാബിയുടെ പ്രബോധനരീതി വിവരിക്കുന്നു: "മിയാ ശേർ മുഹമ്മദ് സാഹിബ് നിരക്ഷരനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പഴയ സ്വഹാബാക്കളിൽപ്പെട്ടയാളാണ്. കുതിരവണ്ടി ഓടിക്കലാണ് ജോലി. അദ്ദേഹത്തിന്റെ തബ്ലീഗ് രീതി ഇങ്ങനെയായിരുന്നു. യാത്രക്കാരെ വണ്ടിയിലിരുത്തും. വണ്ടി ഓടിക്കും. യാത്രക്കാരുമായി സംസാരം തുടങ്ങും. അദ്ദേഹം അൽഹക്കം പത്രത്തിന്റെ വരിക്കാരനായിരുന്നു. നിങ്ങളിലാർക്കെങ്കിലും വായിക്കാനറിയുമോ എന്ന് യാത്രക്കാരോട് ചോദിക്കും. വായിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരോട് പറയും: ഈ പത്രം എന്റെ പേരിൽ വന്നതാണ്. അല്പം എന്നെ വായിച്ചു കേൾപിക്കുക.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഈ സംഭവം അദ്ദേഹം എന്നെ കേൾപ്പിച്ചതാണ്. ഇതുവരെ അദ്ദേഹം മുഖേന ഡസനിലധികമാളുകൾ അഹ്മദിയായിക്കഴിഞ്ഞിരിക്കുന്നു.' അതുകൊണ്ട് ദഅ്വത്തെ ഇലല്ലായ്ക്ക് (അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന്) വലിയവലിയ വൈജ്ഞാനിക ചർച്ചകളോ വലിയവലിയ സെമിനാറുകളോ ഫംങ്ഷനുകളോ ഒന്നും സംഘടിപ്പിക്കേണ്ട കാര്യമില്ല. അവസ്ഥകൾക്കനുസരിച്ച് മാർഗങ്ങൾ കണ്ടുപിടിക്കണം. ഇക്കാലഘട്ടത്തിലും സ്വന്തം നിലയിൽ തബ്ലീഗിനുള്ള മാർഗം കണ്ടെത്തുന്ന ഒരുപാട് അഹ്മദികളുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ അതിൽ വിജയിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും മുഹമ്മദു ഹുസൈൻ ബട്ടാലവിയുടേയും ഒരു സുഹൃത്തിന്റെ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിക്കുന്നു: "അദ്ദേഹത്തിന്റെ പേര് നിളാമുദ്ദീൻ എന്നായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹു നിയോഗിച്ചയാളാണെന്ന് വാദിച്ചപ്പോൾ മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവി അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ നല്കി. അപ്പോൾ നിളാമുദ്ദീന് വലിയ വിഷമമുണ്ടായി. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സൽക്കാര്യങ്ങളിൽ അദ്ദേഹത്തിന് നല്ല വിശ്വാസമുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം ലുധിയാനയിൽ നിന്ന് ഖാദിയാനിൽ വരാൻ തീരുമാനിച്ചു. വന്നുടനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു: 'താങ്കൾ ഇസ്ലാം ഉപേക്ഷിച്ചുവോ? ഖുർആനെ നിഷേധിച്ചുവോ?' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അതെങ്ങനെ? വിശുദ്ധ ഖുർആനിൽ ഞാൻ വിശ്വസിക്കുന്നു. ഇസ്ലാം എന്റെ മതമാണ്.' അദ്ദേഹം പറഞ്ഞു: 'ഈസാ(അ)ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നതിന് തെളിവായി പത്ത് ആയത്തുകൾ ഞാൻ കാണിച്ചാൽ താങ്കൾ വിശ്വസിക്കുമോ?' ഹദ്റത്ത് മസീഹ് മൗഊദു(അ) പറഞ്ഞു: 'താങ്കൾ ഒരൊറ്റ ആയത്ത് കാണിച്ചാൽ ഞാൻ വിശ്വസിക്കാം.' ആ നാളുകളിൽ മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവി ലാഹോറിലുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലും അവിടെ ഉണ്ടായിരുന്നു. മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവിയുമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സംവാദം നടക്കേണ്ടതുണ്ടായിരുന്നു. അതിന്റെ ചർച്ചയാണ് അപ്പോൾ നടന്നിരുന്നത്. അതിന്നിടയിൽ മിയാ നിളാമുദ്ദീൻ അവിടെ എത്തി. അദ്ദേഹം പറഞ്ഞു: 'എല്ലാ ചർച്ചകളും നിറുത്തിവെക്കുക. ഞാൻ മിർസാ സാഹിബിനെക്കൊണ്ട് വാഗ്ദാനം ചെയ്യിച്ചിട്ടാണ് വന്നിട്ടുള്ളത്. ഈസാ(അ)ആകാശത്ത് പോയി എന്നതിന് 10 ആയത്തുകൾ തെളിവായി കാണിച്ചാൽ ഈസാ(അ)ജീവിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിക്കുന്നതാണ്.' ഇതുകേട്ടപ്പോൾ മുഹമ്മദുഹുസൈൻ ബട്ടാലവിക്ക് ദ്വേഷം വന്നു. അദ്ദേഹം ക്ഷിപ്രകോപിയായിരുന്നു. പറഞ്ഞു: 'ഭാഗ്യഹീനാ! നീ എന്റെ എല്ലാ പണിയും നശിപ്പിച്ചു. ഞാൻ രണ്ടുമാസമായി ചർച്ച നടത്തി അദ്ദേഹത്തെ ഹദീഥിലേക്ക് കൊണ്ടു വരികയായിരുന്നു. ഇപ്പോൾ നീ വിശുദ്ധ ഖുർആനിലേക്ക് കൊണ്ടുപോയിരിക്കുന്നു.' ഇതുകേട്ടപ്പോൾ മിയാ നിളാമുദ്ദീൻ സാഹിബ് പറഞ്ഞു, 'പത്ത് ആയത്തുകളും താങ്കൾക്ക് പിൻബലമായിട്ടില്ലേ? അപ്പോൾ ഖുർആൻ എവിടെയാണോ ഉള്ളത് അവിടെയാണ് ഞാനും!' ഇതും പറഞ്ഞ് അദ്ദേഹം ഖാദിയാനിൽവന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. അതുകൊണ്ട് വിശുദ്ധ ഖുർആൻ ഹദ്റത്ത് മസീഹ് മൗഊദിനോടും അഹ്മദിയ്യാ ജമാഅത്തിനോടുമൊപ്പമാണെന്ന തികഞ്ഞ വിശ്വാസം ഓരോ അഹ്മദിക്കും ഉണ്ടായിരിക്കേണ്ടതാണ്. ഈ വിശുദ്ധഖുർആനിന്റെ പിന്തുണതന്നെയാണ് നിത്യവും ജമാഅത്തിന്റെ അംഗസംഖ്യയെ പരിശുദ്ധാത്മാക്കളുടെ നെഞ്ചകളിൽ വെളിച്ചം നല്കി വർധിപ്പിച്ചുകൊണ്ടിരിക്കുന്നത്.

എതിർപ്പും സന്മാർഗപ്രാപ്തിക്ക് കാരണമാകുമെന്ന് വ്യക്തമാക്കിക്കൊണ്ടു പറയുന്നു: "ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ തിരുസന്നിധിയിൽ ഒരിക്കൽ ഒരു സ്നേഹിതൻ വന്ന് ബയ്അത്തു ചെയ്തു. അവിടന്ന് ചോദിച്ചു: 'താങ്കളെ ആരാണ് തബ്ലീഗ് ചെയ്തത്?' അദ്ദേഹം ഒരു മടിയും കൂടാതെ പറഞ്ഞു:'എന്നെ മൗലവി ഥനാവുല്ലാഹ് സാഹിബാണ് തബ്ലീഗ് ചെയ്തത്.' ഹദ്റത്ത് മസീഹ് മൗഊദി(അ) അത്ഭുതത്തോടെ തിരക്കി, 'അതെങ്ങനെ?' അയാൾ പറഞ്ഞു:'ഞാൻ മൗലവി ഥനാവുല്ലാഹ് സാഹിബിന്റെ പത്രങ്ങളും പുസ്തകങ്ങളും വായിക്കാറുണ്ടായിരുന്നു. അതിൽ എപ്പോഴും കണ്ടിരുന്നത് അഹ്മദിയ്യാ ജമാഅത്തിനോടുള്ള വിരോധമാണ്. അപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ നേരിട്ട് വായിക്കണമെന്ന് എനിക്കുതോന്നി. അത് വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ നെഞ്ചകം തുറന്നു. ഞാൻ ബയ്അത്ത് ചെയ്യാൻ തയ്യാറായി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:"അഹ്മദിയായതിനുശേഷം അല്ലാഹു നിരക്ഷരനായ ഒരാൾക്ക് എങ്ങനെയാണ് ബുദ്ധി നല്കുന്നുത്? അവർ ചുട്ടമറുപടി നല്കുന്നവരായിത്തീരുന്നു. ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു: 'ഞങ്ങളുടെ ബന്ധുവായ ഒരു പിതൃസഹോദരൻ ഹദ്റത്ത് മസീഹ് മൗഊദി(അ)നോടുള്ള വിരോധമൊന്നുകൊണ്ടുമാത്രം ആ മഹാത്മാവിന്റെ വാദത്തെ പരിഹസിക്കാനായി സ്വയംതന്നെ തോട്ടികളുടെ പീറാണെന്ന് പറഞ്ഞു പരത്തിയിരുന്നു. യഥാർഥത്തിൽ അയാൾ മുഗളനായിരുന്നു. ഒരിക്കൽ തോട്ടികളിൽനിന്ന് മുസ്ലീംകളായി കഴിഞ്ഞിരുന്ന ചിലയാളുകൾ ഇവിടെ വന്നു. അവർ നിരക്ഷരരായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലഘട്ടത്തിൽ ഈ ജനത തികച്ചും ജാഹിലായിരുന്നു. പക്ഷേ, അവരോട് ഞങ്ങളുടെ പിതൃവ്യൻ ചോദിച്ചു: 'മിർസാ സാഹിബ് നിങ്ങൾക്കെന്താണ് തന്നത്?' അപ്പോൾ അവർ മറുപടി നല്കി, 'ഞങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു. പക്ഷേ, ഞങ്ങൾ ആദ്യം മുതലെ തോട്ടികളെന്നാണ് അറിയപ്പെട്ടിരുന്നതെന്ന് ഞങ്ങൾക്കറിയാമായിരുന്നു. എന്നാൽ, ഇപ്പോൾ മിർസാസാഹിബുമായുള്ള ബന്ധം കാരണത്താൽ മിർസായി എന്ന് ഞങ്ങളെ വിളിക്കുന്നു. അതായത് ഞങ്ങൾ ആദ്യം തോട്ടികളായിരുന്നു. ഇപ്പോൾ അദ്ദേഹം കാരണത്താൽ മിർസായിയായി. പക്ഷേ, താങ്കൾ ആദ്യം മിർസാ ആയിരുന്നു. മിർസാ സാഹിബിനെ എത്രിർക്കുന്ന കാരണത്താൽ തോട്ടിയായി.'

അഹ്മദികളുടെ ആത്മാർഥതയുടെ അപൂർവ്വമായ ശൈലിയും

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഇൽഹാമുകൾ പുലരണമെന്ന ആഗ്രഹവും പിന്നീട് അഹ്മദിയ്യത്തുകാരണത്താൽ ശത്രുത നേരിടലും അഹ്മദിയ്യത്തുകാരണത്താൽ തന്നെ ശത്രുതയെ സ്നേഹമായി മാറ്റിയതുമായ ഒരു സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിക്കുന്നു: 'എനിക്ക് ഗുജ്റാത്തിലെ ഒരുപാടാളുകളുടെ രൂപം ഇപ്പോഴും ഓർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഇൽഹാം **യഅ്തീക്ക മിൻകുല്ലി ഫജ്ജിൻ അമീഖ്** പുലർന്നു കാണണമെന്ന ആത്മാർഥതകൊണ്ട് നടന്ന് നടന്ന് ഖാദിയാനിൽ വന്നിരുന്നു. ഇതും ഗുജ്റാത്തിലെ ആളുകളുടെ തന്നെ സംഭവമാണ്. ഇത് ഹാഫിള് രോശൻ അലി സാഹിബ്(റ)കേൾപ്പിക്കാറുണ്ടായിരുന്നതാണ്. ജൽസ സാലാനയുടെ ദിനങ്ങളിൽ ഒരു സംഘമാളുകൾ ഒരു ഭാഗത്ത് നിന്ന് വരികയായിരുന്നു. മറ്റൊരു കൂട്ടർ മറുഭാഗത്തുനിന്ന് നടന്നു വരികയായിരുന്നു. അവർ രണ്ടുകൂട്ടരും പരസ്പരം കണ്ടുമുട്ടിയപ്പോൾ കരയാൻ തുടങ്ങി. ഞാൻ ചോദിച്ചു, 'നിങ്ങളെന്തിനാണ് കരയുന്നത്? അവർ പറഞ്ഞു, 'ഞങ്ങളിൽ ഒരു വിഭാഗം ആദ്യമെ വിശ്വസിച്ചവരാണ്. ഇക്കാരണത്താൽ ഞങ്ങളിൽ നിന്ന് എത്രത്തോളം എതിർപ്പുണ്ടായെന്നാൽ അവർ ഗ്രാമം വിട്ടു പോകാൻ നിർബന്ധിതരായി. കുറച്ചുകാലത്തിനുശേഷം അല്ലാഹു അഹ്മദിയ്യത്തിന്റെ പ്രകാശം ഞങ്ങളിലും പരത്തി. ഞങ്ങൾ ഇവിടെ എത്തിയപ്പോൾ യാദൃച്ഛികമായി അല്ലാഹുവിന്റെ യുക്തിനിയമമനുസരിച്ച് ഞങ്ങൾ മുമ്പേ ഇറക്കിവിട്ട ഞങ്ങളുടെ സഹോദരങ്ങൾ മറുഭാഗത്തൂടെ വന്നു. അവർ വരുന്നത് ഞങ്ങൾ കണ്ടപ്പോൾ ഞങ്ങളുടെ മനസ്സ് വേദനകൊണ്ട് നിറഞ്ഞു, ഞങ്ങൾ വികാരഭരിതരായി കരയുകയാണ്. ഇത് അഹ്മദിയ്യത്തിന്റെ ബർക്കത്താണ്. തെറ്റിപ്പിരിഞ്ഞവരെ അവൻ കൂട്ടിയോജിപ്പിക്കുന്നു. ശയ്ത്വാൻ ആരുടെ ഇടയിലാണോ വിള്ളലുണ്ടാക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യത്ത് വീണ്ടും അവരെ യോജിപ്പിക്കുന്നു. إِنْ شَاءَ اللّٰهُ ഇനിയും അത്തരം ദൃശ്യങ്ങളുണ്ടാകുന്നതാണ്.

യേശു അഥവാ മസീഹ് തന്റെ കൈകൊണ്ട് പക്ഷിയെ സൃഷ്ടിച്ചിരിക്കുന്നു, പിന്നീട് അതിൽ ജീവനിട്ടിരുന്നു എന്നെല്ലാം പറഞ്ഞ മൗലവിമാർ തെറ്റായധാരണകൾ പൊതുമുസ്ലീംകളിൽ ഉണ്ടാക്കിയിരിക്കുകയാണ്. അത്തരം വീക്ഷണമുള്ള ഒരു മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദുമായി(അ) സംസാരിക്കുകയായിരുന്നു. ഹുദൂർ അയാളോടു ചോദിച്ചു, താങ്കൾ ഇതെല്ലാം പറയുന്നുണ്ടല്ലോ, താങ്കൾക്ക് മസീഹ് സൃഷ്ടിച്ചതും അല്ലാഹു സൃഷ്ടിച്ചതും തമ്മിൽ വേർതിരിച്ചു കാണിക്കാൻ പറ്റുമോ? അപ്പോൾ ആ മൗലവി പറഞ്ഞു, അതിപ്പോൾ പ്രയാസമാണ്. കാരണം അല്ലാഹു സൃഷ്ടിച്ചതും മസീഹ് സൃഷ്ടിച്ചതും തമ്മിൽ ഇപ്പോൾ കൂടിക്കലർന്നുപോയി. അവ തമ്മിൽ വേർതിരിക്കുക എന്നത് പ്രയാസകരമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ക്രിസ്ത്യാനികൾക്കെതിരിൽ കഠിനമായ ഭാഷ ഉപയോഗിച്ചു എന്ന് പറയാറുണ്ട്. വാസ്തവത്തിൽ അത് നോക്കിയാൽ സംഗതി മറ്റൊന്നാണെന്ന് കാണാം. അവിടന്ന് അതൊരിക്കലും ആദ്യം ഉപയോഗിച്ചിട്ടില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: "ചില ഘട്ടങ്ങളിൽ കാര്യങ്ങൾ അതിരുകടക്കുമ്പോൾ അതിന് എന്തായാലും തക്കതായ മറുപടി നല്കേണ്ടതായി വരും. ക്രിസ്ത്യാനികൾ എപ്പോഴും നബി(സ)തിരുമേനിയുടെമേൽ ആക്രമണം നടത്തിയിരുന്നു. മുസ്ലീംകളാകട്ടെ അതിനൊട്ടു മറുപടി നല്കിയിരുന്നുമില്ല. അതുകൊണ്ട് ഇസ്ലാമിന്റെ സ്ഥാപകരിൽ ന്യൂനത മാത്രമാണുള്ളതെന്നും ന്യൂനതയിൽ നിന്ന് മുക്തൻ യേശുമാത്രമാണെന്നും ക്രിസ്ത്യാനികൾ ധരിച്ചു. അവർ മുസ്ലീംകളുടെ മാന്യതയെ ചൂഷണം ചെയ്തുകൊണ്ടിരുന്നു. തങ്ങൾ മാലിന്യമാണെറിയുന്നതെന്നും യഥാർഥത്തിൽ അവരുടെ നേതാവിൽ അതുള്ളതുകൊണ്ടാണ് മുസ്ലീംകൾ അതേ രീതിയിൽ പ്രതികരിക്കാത്തതെന്നും ക്രിസ്ത്യാനികൾ മനസ്സിലാക്കി.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'എഴുന്നൂറ് എണ്ണൂറ് കൊല്ലംവരെ ക്രിസ്ത്യാനികൾ തുടർച്ചയായി അസംഭ്യം പുലമ്പിക്കൊണ്ടിരുന്നു. അവസാനം അവരിൽ കാണുന്ന പോരായ്മകൾ അവരോട് പറയാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു അനുവാദം നല്കി. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) യേശുവിനെ സംബോധന ചെയ്തുകൊണ്ട് യഹൂദികളുടേയും ക്രിസ്ത്യാനികളുടെ തന്നെയും ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ എഴുതാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇത്തരം രണ്ടുനാലു ഗ്രന്ഥങ്ങൾ എഴുതിയതേയുള്ളു, ക്രൈസ്തവലോകം മുഴുവൻ 'ഈ രീതി ശരിയല്ലെന്ന്' പറഞ്ഞ് ബഹളമുണ്ടാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഞങ്ങൾ നിങ്ങളോടു പറഞ്ഞിരുന്നു, നിങ്ങളുടെ മാർഗം ശരിയല്ലെന്ന്. എന്നാൽ, നിങ്ങൾ ഞങ്ങൾ പറയുന്നത് മനസ്സിലാക്കാറുണ്ടായിരുന്നില്ല. അവസാനം നിങ്ങളുടെമേൽ പ്രഹരമുണ്ടാകാൻ തുടങ്ങിയപ്പോൾ നിങ്ങൾക്ക് ബോധമുണ്ടായി.' അതുകൊണ്ട് ചില ഘട്ടങ്ങളിൽ കഠിനമായ വാക്കുകൾ ഉപയോഗിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്(അ)മറുപടി കൊടുക്കുമ്പോഴായിരുന്നു, അല്ലാതെ ആദ്യമേതന്നെ അവിടന്ന് കഠിനമായ പദങ്ങൾ ഉപയോഗിക്കുകയായിരുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദി(അ)നോട് വലിയ വിശ്വാസം വെച്ചുപുലർത്തുകയും എന്നിട്ടും അദ്ദേഹത്തിന്റെ വാദത്തെ അംഗീകരിക്കാതിരിക്കുകയും ചെയ്ത പഞ്ചാബിലെ പ്രസിദ്ധനായൊരു വൈദ്യന്റെ വളരെ രസകരമായ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'അദ്ദേഹത്തിന്റെ പേര് ഹക്കീമുല്ലാഹ് ദീൻ എന്നായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽ മൗലവി ഫള്ൽ ദീൻ സാഹിബ് ഭേരവി പോയി. അദ്ദേഹം കുറച്ചു തബ്ലീഗ് ചെയ്തു. ഹക്കീം സാഹിബ് പറഞ്ഞു, മിയാ താങ്കൾ എനിക്ക് വഫാത്തെ മസീഹിന്റെ പ്രശ്നം മനസ്സിലാക്കിത്തരാൻ വന്നിരിക്കുകയാണ്. വാസ്തവത്തിൽ മിർസാ സാഹിബ് ഈ പ്രശ്നം അവതരിപ്പിച്ചതിലുള്ള യുക്തി എന്താണെന്ന് താങ്കൾക്കെന്തറിയാം. യാഥാർഥ്യമെന്താണെന്നാൽ, മിർസാ സാഹിബ് ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥം എഴുതി. 1300 വർഷത്തിനുള്ളിൽ ഒരു മുസ്ലിം കുട്ടിയും അത്തരം ഗ്രന്ഥം എഴുതിയിട്ടില്ല. എന്നാൽ, മൗലവിമാർ അതിന് നന്ദി രേഖപ്പെടുത്തേണ്ടതിനു പകരം അഹമക്കും വിഡ്ഢികളുമായിത്തീർന്നു. തിരിച്ച് അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ നല്കി. ഇസ്ലാമിനുവേണ്ടിയുള്ള ഇത്ര ഉന്നതമായ സേവനം കണ്ടിട്ടും അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ നല്കുകയും അറിവിൽ ഊറ്റംകൊള്ളുകയുമാണ് ചെയ്തത്. അതുകണ്ടപ്പോൾ മിർസാ സാഹിബിന് ദ്വേഷം വന്നു.

ഈ ഹക്കീം സാഹിബ് ഇവിടെന്ന് തന്റെ തെളിവ് നിരത്താൻ തുടങ്ങുകയാണ്. അങ്ങനെ അദ്ദേഹം മൗലവിമാരോട് പറഞ്ഞു: "നിങ്ങൾ വലിയ ആലിമാണെന്ന് പറഞ്ഞ് നടക്കുന്നുണ്ടല്ലോ. നിങ്ങളുടെ അറിവിൽ നിങ്ങൾക്ക് അത്തരം ഗർവാണെങ്കിൽ നോക്കുക, ഹയാത്തെ മസീഹിന്റെ വിശ്വാസം വിശുദ്ധ ഖുർആനിൽ നിന്ന് എത്രമാത്രം സ്ഥാപിതമാകുന്നുണ്ടെന്നാൽ അതിന്നെതിരിൽ മസീഹിന്റെ വഫാത്ത് സ്ഥാപിക്കുക എന്നത് അസംഭാവ്യമായി കാണുന്നു. പക്ഷേ, ഞാൻ ഖുർആനിൽനിന്നുതന്നെ ഹദ്റത്ത് മസീഹിന്റെ വഫാത്ത് സ്ഥാപിച്ചു കാണിക്കുന്നതാണ്. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ അത് ഖണ്ഡിക്കുക. അങ്ങനെ അദ്ദേഹം മൗലവിമാർക്ക് അവരുടെ വിഡ്ഢിത്തം മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി വഫാത്തെ മസീഹ് എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു. വിശുദ്ധ ഖുർആനിൽനിന്ന് അതിനുള്ള തെളിവും നല്കാൻ തുടങ്ങി.' ഹക്കീം സാഹിബ് പറയുന്നു: 'ഇനി അതിന്

ഒരു മരുന്നേയുള്ളു. വഫാത്തെ മസീഹിന്റെ വിഷയം അങ്ങനെ പ്രാധാന്യമുള്ളതൊന്നുമല്ല. ഹയാത്തെ മസീഹാണ് നിലനില്ക്കുന്നത്. എന്നാൽ, മൗലവിമാരെ നന്നാക്കിയെടുക്കാൻ ഒരേയൊരു മരുന്നേയുള്ളു. മൗലവിമാരെല്ലാവരും ചേർന്ന് ഒരു സംഘമായി ഹദ്റത്ത് മിർസാ സാഹിബിന്റെ അടുക്കൽ ചെല്ലുക. താങ്കൾക്കെതിരിൽ കുഫ്ർ ഫത്വ നല്കിയത് മര്യാദകേടായിപ്പോയെന്നും മാപ്പാക്കണമെന്നും അദ്ദഹത്തിനോട് പറയുക. എന്നിട്ട് നോക്കുക, മിർസാ സാഹിബ് ഖുർആനിൽനിന്നുതന്നെ ഹയാത്തെ മസീഹ് സ്ഥാപിച്ചു കാണിക്കുന്നുണ്ടോ എന്ന്.' ഇതും നല്ലവണ്ണം അദ്ദേഹം മനസ്സിനിണങ്ങിയ നിലയിൽ വ്യാഖ്യാനിച്ചു.

ഇനി നോക്കുക വിശ്വാസമുണ്ടായിരുന്നിട്ടും ഹയാത്തെ മസീഹിന്റെ പ്രശ്നം എത്രമാത്രം കൂടുതലായിരുന്നു അദ്ദേഹത്തിന്റെ ഉള്ളിലെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പക്ഷേ, വിശ്വാസം വെച്ചു പുലർത്തിയിരുന്നു. നിലവിലുള്ള വിശ്വാസം വിട്ട് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നതിന് തൗഫീഖ് കിട്ടുക എന്നതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. വഫാത്തെ മസീഹിന്റെ വിഷയം ഏതെങ്കിലും സിദ്ധാന്തപരമായ വിഷയമല്ലെന്ന കാര്യം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. പ്രത്യുത തൗഹീദിന്റെ സ്ഥാപനത്തിന് അങ്ങേയറ്റം നിർബന്ധമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'എനിക്കോർമയുണ്ട്, ഒരിക്കൽ ആരോ പറഞ്ഞു: 'ഹുദൂർ! ഇനി ഈ പ്രശ്നം വിട്ടു കളയുക.' ഹുദൂർ ഗൗരവത്തോടെ പറഞ്ഞു, 'എനിക്ക് ചില നേരത്ത് ഇതുസംബന്ധമായി എത്രമാത്രം ആവേശമാണുണ്ടാകുന്നതെന്നുവെച്ചാൽ ഭ്രാന്ത് പിടിക്കുമോ എന്ന് തോന്നിപ്പോകുന്നു. ഈ വിശ്വാസം ഇസ്ലാമിന് കനത്ത നഷ്ടമാണ് ഉണ്ടാക്കിവെച്ചിട്ടുള്ളത്. അത് അവതരിപ്പിക്കാത്തിടത്തോളം സുഖമായിട്ടുറങ്ങാൻ നമുക്ക് സാധിക്കുകയില്ല. ഇപ്പോൾ ചിലർ ഇതെന്തൊരു പ്രശ്നമാണെന്ന് ചോദിക്കാറുണ്ട്. എന്നാൽ, ഇത് ഏകത്വത്തിന്റെ വഴിയിലെ തടസ്സമാണ്. അതകറ്റാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായിരുന്ന ആവേശമായിരുന്നു ഇത്. ഈ ആവേശം തന്നെയാണ് അല്ലാഹുവിന്റെ ഫള്ലിനെ വലിച്ചുകൊണ്ടുവന്നതും സത്യതയ്ക്ക് അടിത്തറയിട്ടതും. ആരുടെയെങ്കിലും മനസ്സിൽ അല്ലാഹുവിനോടുള്ള സ്നേഹവും ഇസ്ലാമിനെ പ്രചരിപ്പിക്കണമെന്നുള്ള തിളപ്പുമുണ്ടെന്ന് തോന്നുന്നുവെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിലുണ്ടായിരുന്ന തീയുടെ, പൊരി മാത്രമാണെന്ന് അവന് മനസ്സിലാക്കാൻ കഴിയും.

അതിനാൽ നമ്മുടെ എല്ലാ ശ്രമവും ഈ പോയന്റിനു ചുറ്റും വലംവെക്കേണ്ടതാണ്. അത് വളയപ്പെട്ടിരിക്കേണ്ടതാണ്. എന്നാൽ, നമ്മൾ ഇക്കാര്യം മനസ്സിലാക്കുന്നില്ലെങ്കിൽ നമ്മൾ ചെയ്യുന്ന പ്രവൃത്തി ബാഹ്യത്തിൽ തൗഹീദായിരിക്കമെങ്കിലും യാർഥത്തിൽ ശിർക്കിന്റെ മുഖവുരയാണ്. തൗഹീദുമാകുക, ശിർക്കിന്റെ മുഖവുരയുമാകുക. ഇതെങ്ങനെയാണ് സംഭാവ്യമാകുന്നത്? ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: അതിനു കാരണം ആളുകൾ ഏകദൈവ വിശ്വാസംവരെ(വഹ്ദാനിയ്യത്ത് വരെ) പോകുന്നുണ്ടെങ്കിലും ഏകനായ ദൈവംവരെ(അഹ്ദിയ്യത്ത് വരെ) എത്തുന്നില്ല എന്നതാണ്. ഈ രണ്ടുകാര്യങ്ങളാണ് മനസ്സിലാക്കാനുള്ളത്. വഹ്ദാനിയ്യത്തും അഹ്ദിയ്യത്തും. വഹ്ദാനിയ്യത്ത് കൊണ്ടുള്ള ഉദ്ദേശ്യം സിഫത്തുകളിലുള്ള വാഹിദാണ്. അല്ലാഹുവിന്റെ സിഫത്തുകളുടെ പ്രതിച്ഛായയാകാൻ ഒരു പരിധിവരെ മനുഷ്യനു കഴിയും. അതിന്റെ ഏറ്റവും ഉന്നതമായ ഉദാഹരണം ഏതെങ്കിലും മനുഷ്യനിൽ രൂപംകൊള്ളാൻ കഴിയുമെങ്കിൽ അത് നബി(സ)തിരുമേനിയുടെ വ്യക്തിത്വമാണ്. പക്ഷേ, സിഫത്തുകളിൽ സമ്പൂർണൻ അല്ലാഹുവിന്റെ സത്ത മാത്രമാണ്. അഹദ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹു ഏകനാകുക എന്നതാണ്. അഹദ് (ഏകൻ)എന്നു പറയുമ്പോൾ തുടർന്ന് മറ്റൊന്നും സങ്കല്പിക്കാനില്ല. അതുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞതുപോലെ യഥാർഥ തൗഹീദ് സ്ഥാപിതമാകുന്നത് അഹദിയ്യത്തിന്റെ യാഥാർഥ്യം നമ്മൾ മനസ്സിലാക്കുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യങ്ങൾ നിവർത്തിച്ച് യഥാർഥ തൗഹീദ് സ്ഥാപിക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 13.03.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala